ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 06.07.2025** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. ബ്രസീലിലെ റിയോ ഡി ജനീറോയിൽ 17-ാമത് ബ്രിക്സ് ഉച്ചകോടി വേദിയിലെത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi reaches the venue of the 17th BRICS Summit in Rio de Janeiro, Brazil.**

2. വ്യാപാര- പ്രതിരോധ-ബഹിരാകാശ- മേഖലകളിലെ സഹകരണം വർദ്ധിപ്പിക്കുന്നതിന് ഇന്ത്യയും അർജൻറീനയും ധാരണയായി.

   **India and Argentina agree to further deepen strategic partnership and boost cooperation in various fields, including trade and defence.**

3. രണ്ടു ദിവസത്തെ കേരള സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ കൊച്ചിയിലെത്തി.

   **Vice President Jagdeep Dhankhar arrives in Kochi for a two-day visit to Kerala.**

4. രാജ്യത്തിൻറെ സാമ്പത്തിക പുരോഗതിയിൽ സഹകരണ സംഘങ്ങൾക്ക് നിർണായക പങ്കെന്ന് കേന്ദ്രമന്ത്രി അമിത് ഷാ.

   **Union Minister Amit Shah says that cooperative societies play a significant role in the economic progress of the country.**

5. ഡിഫൻസ് അക്കൗണ്ട്സ് ഡിപ്പാർട്ട്മെൻറിൻറെ **Controllers** കോൺഫറൻസ് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് നാളെ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

**Defense Minister Rajnath Singh to inaugurate the Controllers Conference of the Defense Accounts Department in New Delhi tomorrow.**

**************************************

## PM – BRICS SUMMIT

ബ്രസീലിലെ റിയോ ഡി ജനീറോയിൽ 17-ാമത് ബ്രിക്സ് ഉച്ചകോടി വേദിയിലെത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. ബ്രസീൽ രാഷ്ട്രപതി അദ്ദേഹത്തെ സ്വീകരിച്ചു. ആഗോള ഭരണ പരിഷ്കാരങ്ങൾ, കാലാവസ്ഥാ വ്യതിയാന വെല്ലുവിളികൾ, നിർമ്മിത ബുദ്ധി തുടങ്ങിയ വിഷയങ്ങൾ ഉച്ചകോടി ചർച്ച ചെയ്യും. ഉച്ചകോടിക്കിടെ പ്രധാനമന്ത്രി വിവിധ രാഷ്ട്ര നേതാക്കളുമായി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും. രണ്ട് ദിവസത്തെ ഉച്ചകോടിക്ക് ശേഷം പ്രധാനമന്ത്രി, ബ്രസീലിയ സന്ദർശിക്കും. ആറ് പതിറ്റാണ്ടുകൾക്ക് ശേഷം ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബ്രസീലിയയിൽ നടത്തുന്ന സന്ദർശനമാണിത്.

**************************************

## India – Argentina

വ്യാപാരം, പ്രതിരോധം, ബഹിരാകാശം, ആരോഗ്യം, ഔഷധ നിർമാണം തുടങ്ങിയ മേഖലകളിലെ സഹകരണം വർദ്ധിപ്പിക്കുന്നതിന് ഇന്ത്യയും അർജൻറീനയും ധാരണയായി. ബഹുരാഷ്ട്ര സന്ദർശനത്തിൻറെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി അർജൻറീന പ്രധാനമന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിലാണ് ഇത് സംബന്ധിച്ച തീരുമാനം. ഇന്ത്യ-മെർകോസർ മുൻഗണനാ വ്യാപാര കരാർ വികസിപ്പിക്കുന്നതിൽ അർജൻറീനയുടെ പിന്തുണ ശ്രീ നരേന്ദ്ര മോദി അഭ്യർത്ഥിച്ചു. താങ്ങാനാവുന്ന വിലയിൽ ഗുണമേന്മയുള്ള മരുന്നുകളുമായി ബന്ധപ്പെട്ട് ഇന്ത്യൻ ഫാർമ കമ്പനികൾക്കുള്ള നിയന്ത്രണങ്ങൾ ലഘൂകരിക്കണമെന്ന ആവശ്യവും ഇന്ത്യ മുന്നോട്ട് വെച്ചു.

**************************************

## VP – VISIT

രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി

ജഗദീപ് ധൻഖർ കേരളത്തിലെത്തി. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മന്ത്രി പി രാജീവ്, ഹാരിസ് ബീരാൻ എംപി തുടങ്ങിയവർ ചേർന്ന് ഉപരാഷ്ട്രപതിയെ സ്വീകരിച്ചു. നാളെ രാവിലെ അദ്ദേഹം ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും. തുടർന്ന് കളമശേരിയിൽ നാഷനൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ വിദ്യാർഥികളും അധ്യാപകരുമായി ആശയ വിനിമയം നടത്തും. ഉച്ചകഴിഞ്ഞ് ഉപരാഷ്ട്രപതി ഡൽഹിക്ക് മടങ്ങും.

***********************************

## GUJARAT – AMIT SHAH – INTRO

രാജ്യത്തിൻറെ സാമ്പത്തിക പുരോഗതിയിൽ സഹകരണ സംഘങ്ങൾക്ക് നിർണായക പങ്കുണ്ടെന്ന് കേന്ദ്രമന്ത്രി അമിത് ഷാ. കേന്ദ്ര സഹകരണ മന്ത്രാലയത്തിൻറെ നാലാം വാർഷികത്തോടനുബന്ധിച്ച് ഗുജറാത്തിലെ ആനന്ദിൽ അമൂലിൻറെയും ദേശീയ ക്ഷീര വികസന ബോർഡിൻറേയും വിവിധ വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

(വോയിസ്)

ഭക്ഷ്യ ധാന്യങ്ങൾ, പാൽ ഉത്പന്നങ്ങൾ തുടങ്ങിയ മേഖലകളിലെ സഹകരണ സംഘങ്ങൾ രാജ്യത്തിൻറെ സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുമെന്നും ശ്രീ അമിത് ഷാ പറഞ്ഞു.

***********************************

## RAJNATH SINGH–CONTROLLERS CONFERENCE

ഡിഫൻസ് അക്കൗണ്ട്സ് ഡിപ്പാർട്ട്മെൻറ് ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന കൺട്രോളേഴ്സ് കോൺഫറൻസ് നാളെ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് ഉദ്ഘാടനം ചെയ്യും. സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാൻ, മൂന്ന് സേനകളുടെയും മേധാവികൾ, പ്രതിരോധ സെക്രട്ടറി തുടങ്ങിയവരും ഉദ്ഘാടന സെഷനിൽ പങ്കെടുക്കും. മൂന്ന് ദിവസത്തെ സമ്മേളനത്തിൽ, പ്രതിരോധ ബജറ്റ്, അക്കൗണ്ട്സ് പരിഷ്കരണം, ഓഡിറ്റ് നവീകരണം, വിലനിർണ്ണയ പരിഷ്കരണം, ശേഷി വികസനം തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളുന്ന എട്ട്

സെഷനുകൾ ഉണ്ടായിരിക്കുമെന്ന് പ്രതിരോധ മന്ത്രാലയം അറിയിച്ചു.

***********************************

## TEXAS-FLOODS

അമേരിക്കയിലെ ടെക്സസിൽ മിന്നൽ പ്രളയത്തിൽ ജീവഹാനി സംഭവിച്ചതിൽ അനുശോചനം രേഖപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. കനത്ത മഴയെ തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിൽ മരിച്ചവരുടെ എണ്ണം 51 ആയി. ഗ്വാഡൽപെ നദിക്ക് സമീപം സമ്മർ ക്യാമ്പിൽ പങ്കെടുത്ത 27 കുട്ടികളെ കാണാതായി. ഇവർക്കായി തിരച്ചിൽ തുടരുകയാണ്. ശക്തമായ മഴയിൽ ഗ്വാഡൽപെ നദിയിൽ മൂന്ന് മണിക്കൂറിനുള്ളിൽ 30 അടിയോളം ഉയരത്തിൽ ജലം ഉയർന്നതാണ് പ്രളയത്തിന് കാരണം. ഇതുവരെ 850 പേരെ രക്ഷപ്പെടുത്തി.

***********************************

## MUSK – AMERICAN PARTY

അമേരിക്കൻ രാഷ്ട്രീയത്തിലേക്ക് പ്രവേശിക്കുന്നതായി പ്രഖ്യാപിച്ച് ടെസ്ല മേധാവി എലോൺ മസ്ക്. 'അമേരിക്ക പാർട്ടി' എന്ന പേരിൽ ഒരു പുതിയ രാഷ്ട്രീയ പാർട്ടി രൂപീകരിക്കുന്നതായി അദ്ദേഹം സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. ഡെമോക്രാറ്റിക്, റിപ്പബ്ലിക്കൻ എന്നീ രണ്ടു പ്രധാന രാഷ്ട്രീയ പാർട്ടികളെയും വെല്ലുവിളിച്ചു കൊണ്ടാണ് മസ്ക്കിന്റെ പ്രഖ്യാപനം. ഇരു പാർട്ടികളുടെയും പ്രവർത്തനം ജനാധിപത്യപരമല്ലെന്ന് മസ്ക് ആരോപിച്ചു.

***********************************

## CRICKET

ബർമിങ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിൻറെ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു. 608 റൺ എന്ന കൂറ്റൻ വിജയലക്ഷ്യമാണ് ഇംഗ്ലണ്ടിന് മുന്നിലുള്ളത്. മൂന്ന് വിക്കറ്റിന് 72 റൺ എന്ന നിലയിൽ അഞ്ചാം ദിനം ബാറ്റിംഗ് പുനരാരംഭിച്ച ഇംഗ്ലണ്ട് ഒടുവിൽ വിവരം ലഭിക്കുമ്പോൾ 6 വിക്കറ്റിന് 153 റൺ എന്ന നിലയിലാണ്.

***********************************

## F 35B

കഴിഞ്ഞ മാസം 14 ന് തിരുവനന്തപുരത്ത് അടിയന്തരമായി ഇറക്കേണ്ടി വന്ന ബ്രിട്ടീഷ് വ്യോമസേനയുടെ യുദ്ധ വിമാനമായ എഫ് 35 B യുടെ തകരാർ പരിഹരിക്കാൻ ബ്രിട്ടനിൽ നിന്നും 17 അംഗ വിദഗ്ധ സംഘം തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തി. അറ്റകുറ്റപ്പണികൾക്കായി യുദ്ധവിമാനം ഹാങ്ങറിലേക്ക് മാറ്റി.

***********************************

## NADDA - APPOINTMENT LETTERS (INTRO)

രാജ്യത്തിൻറെ ആരോഗ്യ നയം രോഗമുക്തിക്കായുള്ള ചികിത്സയിൽ നിന്നും രോഗ പ്രതിരോധത്തിലേക്ക് മാറിയിരിക്കുകയാണെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നഡ്ഡ. 1200 ലധികം നഴ്സിങ്ങ് ഓഫീസർമാർക്കുള്ള നിയമനപത്രം ന്യൂഡൽഹിയിൽ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. ചികിത്സയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനോടൊപ്പം പുനരധിവാസത്തിനും പ്രാധാന്യം നൽകുന്ന ആരോഗ്യ സംവിധാനമാണ് രാജ്യത്തുള്ളതെന്നും ശ്രീ ജെ പി നഡ്ഡ പറഞ്ഞു.

(VOICE)

പി എം ആയുഷ്മാൻ ഭാരത് ആരോഗ്യ അടിസ്ഥാനസൗകര്യ ദൗത്യത്തിന് കീഴിൽ നിർമിക്കുന്ന ആരോഗ്യ മന്ദിർ ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

***********************************

## UK-SYRIA DIPLOMATIC RELATION

സിറിയയും യു. കെ. യും ഔദ്യോഗികമായി നയതന്ത്ര ബന്ധം പുതുക്കിയതായി ഇരു സർക്കാരും ചേർന്ന് പുറത്തിറക്കിയ പ്രസ്താവനയിൽ അറിയിച്ചു. ലണ്ടനിലെ സിറിയൻ എംബസി വീണ്ടും തുറക്കാനും ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതിനായി ഒരു സിറിയൻ-ബ്രിട്ടീഷ് സാമ്പത്തിക കൗൺസിൽ സ്ഥാപിക്കാനും ഇരു രാജ്യങ്ങളും തീരുമാനിച്ചു. ബ്രിട്ടീഷ് വിദേശകാര്യ സെക്രട്ടറി

ഡേവിഡ് ലാമിയുടെ ഡമാസ്കസ് സന്ദർശനത്തിനിടെയാണ് സുപ്രധാന തീരുമാനവും തുടർ നടപടികളും.

************************************

## REV GAZA TALKS

ഗാസയിലെ സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിശദമായ ചർച്ചകൾക്കായി ഖത്തറിലേക്ക് പ്രതിനിധി സംഘത്തെ അയയ്ക്കുമെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. 21 മാസം നീണ്ട സംഘർഷം അവസാനിപ്പിക്കാനുള്ള ശ്രമങ്ങൾക്കിടയിലാണ് നെതന്യാഹുവിൻറെ നീക്കം. നേരത്തെ, ഹമാസ് മുന്നോട്ടുവച്ച പുതിയ വെടിനിർത്തൽ നിർദ്ദേശം നെതന്യാഹു നിരസിച്ചിരുന്നു. അതേസമയം, ഇസ്രായേൽ പ്രധാനമന്ത്രി നാളെ അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപിനെ വാഷിംഗ്ടണിൽ കാണുമെന്നാണ് റിപ്പോർട്ട്. ഗാസയിലെ സ്ഥിതിഗതികൾ സംബന്ധിച്ച് ഇരുവരും ചർച്ച ചെയ്യും.

************************************

## KAILASH MANSAROVAR YATRA

കൈലാസ മാനസ സരോവർ യാത്രികരുടെ രണ്ടാമത്തെ സംഘം കൈലാസത്തിലേക്കും മാനസ സരോവറിലേക്കുമുള്ള തീർത്ഥാടനം പൂർത്തിയാക്കി ഇന്ന് ഗാങ്ടോക്കിലേക്ക് മടങ്ങി. 47 യാത്രികർ അടങ്ങുന്ന സംഘം കഴിഞ്ഞ മാസം 25 നാണ് നാഥുല അതിർത്തി കടന്ന് തീർത്ഥാടനയാത്ര ആരംഭിച്ചത്.

************************************

## HP- HEAVY RAINFALL

ഹിമാചൽ പ്രദേശിൽ കാലവർഷം ശക്തമായി തുടരുന്നു. ഇന്ന് രാവിലെ മുതൽ സംസ്ഥാനത്തിൻറെ മിക്ക ഭാഗങ്ങളിലും കനത്ത മഴയാണ്. മാണ്ഡി, കാംഗ്ര, സിർമൗർ ജില്ലകളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പുറപ്പെടുവിച്ചിട്ടുണ്ട്. ഷിംല, സോളൻ, ഹാമിർപൂർ എന്നിവയുൾപ്പെടെ 9 ജില്ലകളിൽ വെള്ളപ്പൊക്ക മുന്നറിയിപ്പും

നൽകിയിട്ടുണ്ട്. ജനങ്ങൾ അതീവ ജാഗ്രത പാലിക്കണമെന്ന് അധികൃതർ നിർദ്ദേശിച്ചിട്ടുണ്ട്.

**********************************

## WEATHER – KERALA

കേരളത്തിൽ അടുത്ത അഞ്ചു ദിവസം ഒറ്റപ്പെട്ട കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത് ഈ മാസം ഒൻപത് വരെ കർണാടക തീരത്ത് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**********************************

## CUK Unveils Future

കാസർഗോഡ് ആസ്ഥാനമായുള്ള കേന്ദ്ര സർവകലാശാലയിൽ ഈ അധ്യയന വർഷം മുതൽ മൂന്ന് പുതിയ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കും. ബിഎസ്സി ബയോളജി,

ബി കോം ഫിനാൻഷ്യൽ അനലിറ്റിക്സ്, ബിസിഎ എന്നീ നാല് വർഷ ഓണേഴ്സ് ബിരുദ പ്രോഗ്രാമുകളാണ് തുടങ്ങുന്നത്. ദേശീയ വിദ്യാഭ്യാസ നയ പ്രകാരമുള്ള ഈ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിലൂടെ വൻ അക്കാദമിക് മുന്നേറ്റത്തിനാണ് സർവകലാശാല സാക്ഷ്യം വഹിക്കുന്നത്.

**********************************

## NIPAH

കേരളത്തിൽ നിപ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തം. ഉറവിടം കണ്ടെത്താനുള്ള ആരോഗ്യ വകുപ്പിന്റെ ശ്രമങ്ങൾ തുടരുകയാണ്. പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിൽ 40 കിടക്കകളുള്ള ഐസോലേഷൻ യൂണിറ്റ് സജ്ജീകരിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും പ്രതിരോധ പ്രവർത്തനങ്ങൾക്കായി 26 അംഗ സമിതിയും നിലവിൽ വന്നിട്ടുണ്ട്. നിലവിൽ നിപ സമ്പർക്കപ്പട്ടികയിൽ 425 പേരാണുള്ളത്. അതേസമയം, രോഗം സ്ഥിരീകരിച്ച് കോഴിക്കോട് മെഡിക്കൽ

കോളെജിൽ ചികിൽസയിലുള്ള പാലക്കാട് സ്വദേശിനിയുടെ ആരോഗ്യ നില മാറ്റമില്ലാതെ തുടരുന്നു.

*

****************

*********************************************